പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത	20.03.2015-ൽ
ചോദ്യം നമ്പർ - 2940	മറുപടിയ്ക്ക്

താനൂർ വൈലത്തൂർ-കോഴിച്ചെന റോഡിന്റെ നവീകരണം

ചോദ്യം		ഉത്തരം
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി		ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്തുവകുപ്പ് മന്ത്രി)
(എ) താനൂർ നിയോജകമണ്ഡലത്തിലെ വൈലത്തൂർ-കോഴിച്ചെന റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;	(എ) & (ബി)	ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ബി) തന്മൂലം ബസ് സർവ്വീസുകൾ നിർത്തിവെച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;		
(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തികൾക്കായി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ;	(സി) & (ഡി)	പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സർക്കാരിൽ ലഭിച്ച, ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തിയ "വൈലത്തൂർ - കോഴിച്ചെന റോഡിൽ കി.മീ. 1/600 മുതൽ 3/100 വരെ അഭിവൃദ്ധി പ്പെടുത്തൽ" എന്ന പ്രവൃത്തി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. "വൈലത്തൂർ - കോഴിച്ചെന റോഡിൽ കി.മീ. 0/000 മുതൽ 5/660 വരെ ബി.എം. & ബിസി അഭിവൃദ്ധി പ്പെടുത്തൽ"എന്ന പ്രവൃത്തിയ്ക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല.
(ഡി) പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?		

സെക്ഷൻ ഓഫീസർ